# ജൈവ കീടനാശിനി

## വീട്ടിൽ തയ്യാറാക്കാവുന്ന ചില ജൈവ കീടനാശിനികൾ

**വേപ്പെണ്ണ - വെളുത്തുള്ളി മിശ്രിതം**

ഒരു ലിറ്റർ വെള്ളത്തിൽ 5 ഗ്രാം ബാർ സോപ്പ് ലയിപ്പിക്കുക. ഇതിൽ തൊലി കളഞ്ഞ 20 ഗ്രാം വെളുത്തുള്ളി അരച്ചു നീരെടുത്ത് ചേർക്കുക. 20 മില്ലി വേപ്പെണ്ണയും കൂടി ഇതിൽ ചേർത്ത് നന്നായി യോജിപ്പിച്ച് പച്ചക്കറി വിളക ളിലെ നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾക്കെതിരെ തളിക്കാം.

**വേപ്പെണ്ണ എമൽഷൻ**

വേപ്പെണ്ണ - ഒരു ലിറ്റർ

ബാർസോപ്പ് - 60 ഗ്രാം

വെള്ളം - 15 ലിറ്റർ

വേപ്പെണ്ണ എമൽഷനിലെ പ്രധാന ചേരുവകൾ വേപ്പെണ്ണയും ബാർ സോപ്പുമാണ്. 60 ഗ്രാം ബാർ സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച ലായനി ഒരു ലിറ്റർ വേപ്പെണ്ണയിൽ ചേർത്തിളക്കുക. ഇത് പത്തിരട്ടി വെള്ള ത്തിൽ (പതിനഞ്ച് ലിറ്റർ) ചേർത്ത് പയറിനെ ആക്രമിക്കുന്ന ചിത്രകീടം, പേനുകൾ എന്നിവയ്ക്കെതിരായി തളിക്കാം. ലായനി ചെടികളിൽ നന്നായി പറ്റിപ്പിടിച്ചിരിക്കാനും വ്യാപിക്കാനും സോപ്പ് സഹായിക്കും. ലായനി ഇരുപത് ഇരട്ടി വെള്ളം ചേർത്ത് പാവൽ, പടവലം, മുതലായ വിളകളിൽ നീരുറ്റികുടി

ക്കുന്ന കീടങ്ങൾ, ഇല കാർന്നു തിന്നുന്ന പുഴുക്കൾ, വണ്ടുകൾ എന്നിവയ്ക്കെതിരെ പ്രയോഗിക്കാം

**വേപ്പിൻ കഷായം**

100 ഗ്രാം വേപ്പില 5 ലിറ്റർ വെള്ളത്തിൽ തിളപ്പിച്ച്, തണുത്തശേഷം ചെടികളിൽ തളിച്ചുകൊടുക്കാം. വെണ്ട, വഴുതന തുടങ്ങിയ വിളകളിൽ നടുന്നതിന് ഒരാഴ്ച മുൻപ് വേപ്പില ചേർത്ത വെള്ളമൊഴിച്ചു കൊടുക്കുന്നത് നിമാവിരകളെ ഒരു പരിധിവരെ നിയന്ത്രിക്കും.

**വേപ്പിൻ പിണ്ണാക്ക്**

തടങ്ങളിൽ അടിവളത്തോടൊപ്പം വേപ്പിൻ പിണ്ണാക്ക് ചേർത്തുകൊടുക്കുന്നത് ട്രൈക്കോഡെർമ പോലെയുള്ള മിത്രകുമിളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നു. വേപ്പിൻ പിണ്ണാക്ക്, ആവണക്കിൻ പിണ്ണാക്ക് തുടങ്ങിയവ മണ്ണിൽ ചേർക്കുന്നത് ചെടിയുടെ വേരുകളെ ആക്രമിക്കുന്ന നിമാവിരകളെ നിയന്ത്രിക്കാൻ നല്ലതാണ്. ഒരു ചതുരശ്ര മീറ്ററിന് 200 ഗ്രാം എന്ന തോതിൽ ഇവ മണ്ണിൽ ചേർക്കണം.

**പുകയിലക്കഷായം**

പുകയില – 250 ഗ്രാം

ബാർ സോപ്പ് – 60 ഗ്രാം

വെള്ളം – രണ്ടേകാൽ ലിറ്റർ

250 ഗ്രാം പുകയില ചെറുതായി അരിഞ്ഞത് രണ്ടേകാൽ ലിറ്റർ വെള്ളത്തിൽ കുതിർത്ത് ഒരു ദിവസം വയ്ക്കുക. അതിനു ശേഷം പുകയിലക്കഷണങ്ങൾ പിഴിഞ്ഞ് ചണ്ടി മാറ്റുക. 60 ഗ്രാം ബാർ സോപ്പ് ചെറിയ കഷണങ്ങളായി കാൽ ലിറ്റർ വെള്ളത്തിൽ ലയിപ്പിക്കുക. സോപ്പ് ലായനി പുകയലക്കഷായവുമായി നന്നായി യോജിപ്പിക്കുക. ഈ ലായനി അരിച്ചെടുത്ത് ഏഴിരട്ടി വെള്ളം ചേർത്ത് ചെടികളിൽ തളിക്കാം. മുഞ്ഞ, മീലിമുട്ട, ശൽക്കകീടം തുടങ്ങി ഒട്ടേറെ മൃദു ശരീരികളായ കീടങ്ങളെ നിയന്ത്രിക്കുന്നതിന് ഇത് ഉപയോഗിക്കാം.

**ഗോമൂത്രം - കാന്താരിമുളക് മിശ്രിതം**

ഒരു കൈനിറയെ കാന്താരി മുളകരച്ച് ഒരു ലിറ്റർ ഗോമൂത്രത്തിൽ ചേർത്ത് അരിച്ചെടുക്കുക. ഇതിൽ 60 ഗ്രാം ബാർസോപ്പ് ലയിപ്പിച്ച് ചേർത്തിളക്കുക. ഈ മിശ്രിതം 10 ലിറ്റർ വെള്ളം ചേർത്ത് നേർപ്പിച്ച് മൃദു ശരീരികളായ കീട ങ്ങൾക്കെതിരെ ഉപയോഗിക്കാം.

**വെളുത്തുള്ളി, മുളക് സത്ത്**

വെളുത്തുള്ളി - 50 ഗ്രാം

പച്ചമുളക് - 25 ഗ്രാം

ഇഞ്ചി - 50 ഗ്രാം

വെളുത്തുള്ളി 50 ഗ്രാം, 100 മി. ലിറ്റർ വെള്ളത്തിൽ കാതിർക്കുക. അടുത്ത ദിവസം വെളുത്തുള്ളി തൊലി കളഞ്ഞ്ത് അരച്ച് പേസ്റ്റ് ആക്കുക. ഇതേ പോലെ മുളക് 25 ഗ്രാം 50 മി. ലിറ്റർ വെള്ളത്തിലും ഇഞ്ചി 50 ഗ്രാം 100 മി.ലിറ്റർ വെള്ളത്തിലും അരച്ചു പേസ്റ്റാക്കി മൂന്നും കൂടി 3 ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇളക്കി അരിച്ചുതളിക്കുക. ഇത് കായീച്ച, തണ്ടുതുരപ്പൻക്ക ഇലച്ചാടികൾക്ക പുഴുക്കൾ എന്നിവയെ നിയന്ത്രിക്കും.

**വേപ്പിൻകുരു സത്ത്**

50 ഗ്രാം വേപ്പിൻ കുരു ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഉപയോഗിക്കാം. മൂപ്പെത്തിയ വേപ്പിൻ കുരു പൊടിച്ച് കിഴികെട്ടി വെള്ളത്തിൽ 12 മണിക്കൂർ മുക്കി വയ്ക്കുക. അതിനുശേഷം കിഴി പലപ്രാവശ്യം വെള്ളത്തിൽ മുക്കിപ്പിഴിഞ്ഞെടുക്കുക. ഈ ലായനി നേരിട്ട് തളിയ്ക്കാം.

**പപ്പായ ഇലസത്ത്**

100 മി.ലിറ്റർ വെള്ളത്തിൽ 50 ഗ്രാം നുറുക്കിയ പപ്പായ ഇല മുക്കി ഒരു രാത്രി ഇട്ടുവയ്ക്കുക. ഇല അടുത്തദിവസം ഞെരടിപ്പിഴിഞ്ഞ് എടുത്ത സത്ത് മൂന്ന് നാലിരട്ടി വെള്ളം ചേർത്ത് തളിക്കുക. ഇലതീനി പുഴുക്കളെ അകറ്റാൻ ഇത് ഫലപ്രദമാകും.